# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു. ചെയർപേഴ്സൺ

**എച്ച്. ആർ.എം.പി നമ്പർ : 2650/11/12/2024/TVM**

പരാതികക്ഷി
ചെമ്പൻകോട് വി മണികണ്ഠൻ
ട്രൈബൽ ഹൌസ്, നെട്ടംപോങ്ങ്
ഇളവട്ടം പി.ഒ, പച്ച, തിരുവനന്തപുരം

എതിർകക്ഷികൾ : ചീഫ് സെക്രട്ടറി, കേരള, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം മുതൽ പേർ

**ഉത്തരവ് തീയതി: 12.. 01.. 2026**

നന്ദിയോട്, ആനാട് ഗ്രാമ പഞ്ചയാത്തുകളിലെ കുടിവെള്ള പദ്ധതി പൂർത്തിയാക്കാത്തത് സംബന്ധിച്ച് ഹർജിക്കാരൻ സമർപ്പിച്ച മുൻ എച്ച്.ആർ.എം.പി. 1027/2017 എന്ന പരാതിയിൽ സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കണമെന്ന കമ്മീഷൻെറ 4-9-2017 ലെ ഉത്തരവ് നാളിതുവരെ പാലിച്ചിട്ടില്ലെന്നാണ് ഈ പരാതിയിലെ ആരോപണം.

2. പരാതിയിൽ കേരള ജല അതോരിറ്റി തിരുവനന്തപുരം പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 27-5-2024 തിയതിയിലെ റിപ്പോർട്ട് സമർപ്പിച്ചു. ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള പദ്ധതി രണ്ടു ഘട്ടമായി നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിരുന്നതെന്നും ഒന്നാംഘട്ട പ്രവൃത്തിയുടെ ഭാഗമായ ജലശുദ്ധീകരണശാലയുടെ നിർമ്മാണം 2017 ൽ പൂർത്തിയായെങ്കിലും വൈദ്യുത കണക്ഷൻ ലഭ്യമാകാത്തതിനാൽ അത് കമ്മീഷൻ ചെയ്യാൻ സാധിച്ചില്ലെന്നും രണ്ടാംഘട്ട പ്രവൃത്തിയുടെ 90 ശതമാനവും പൂർത്തിയായിട്ടുണ്ടെന്നും വൈദ്യുത കണക്ഷൻ ലഭിക്കുന്നതോടെ ജലശുദ്ധീകരണശാലയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നും മൂന്നാംഘട്ടമായി ആനാട്, നന്ദിയോട് പഞ്ചയത്തുകളിലെ എല്ലാ പ്രദേശത്തും കുടിവെള്ളമെത്തിക്കുന്നതിനായി ജലജീവൻ മിഷനിലുൾപ്പെടുത്തി 65.66. കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും മൂന്നാംഘട്ട പ്രവൃത്തിയുമായി ബന്ധപ്പെട്ട ജോലികളുടെ ഭാഗമായി ആനാട് പഞ്ചായത്തിൽ 102 കി,മീ ജലവിതരണ ശൃംഖല സ്ഥാപിക്കുകയും 3378 കുടിവെള്ള

3 P



കണക്ഷനുകൾ നകുകയും ചെയ്തിട്ടുണ്ടെന്നും നന്ദിയോട് പഞ്ചായത്തിൽ 16 കിമീ ജല വിതരണ ശൃംഖല സ്ഥാപിച്ചുകഴിഞ്ഞെന്നും ഫണ്ടിൻെറ ലഭ്യത കുറവ് പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ടെന്നും അത് മനപൂർവ്വമായ വീഴ്ചയല്ലെന്നുമാണ് ജല അതോരിറ്റിയുടെ റിപ്പോർട്ടിൽ പറയുന്നത്.

3. പ്രശ്ന പരിഹാരത്തിന് ജല അതോരിറ്റ് ഒരു തുടർ നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് ഇന്ന് കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരൻ ആരോപിച്ചു.

4. കുടിവെള്ള പ്രശ്നത്തിന് ഇപ്പോഴും പരിഹാരമായിട്ടില്ലെന്ന് ഹർജിക്കാരൻ ആവർത്തിക്കുന്നതിനാൽ ഈ പ്രശ്നത്തിൽ അന്വേഷണം നടത്താൻ ജല അതോരിറ്റി പ്രോജക്റ്റ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒരു. Assistant Executive Engineer (A.Ex..E) റെ ചുമതലപ്പെടുത്തണം. A.Ex.E ഹർജിക്കാരനും ആനാട്, നന്ദിയോട് ഗ്രാമ പഞ്ചായത്തുകളിലെ സെക്രട്ടറിമർക്കും മുൻകൂട്ടി നോട്ടീസ് കൊടുത്ത് സ്ഥല പരിശോധന നടത്തി, പൂർത്തീകരിക്കേണ്ട ജോലികളും പരിഹാര മാർഗ്ഗങ്ങളും സ്വീകരിക്കേണ്ട നടപടികളും ഉൾപ്പെടുത്തി സമഗ്രമായ റിപ്പോർട്ട് Project Division Executive Engineer ക്ക് കൊടുക്കണം. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന പ്രവൃത്തികൾ എല്ലാം സമയബന്ധിതമായി, ഏറിയാൽ ഈ ഉത്തരവിൻെറ പകർപ്പ് കിട്ടി മൂന്നു മാസത്തിനകം പൂർത്തിയാക്കി ടി പ്രദേശത്തെ ജനങ്ങൾക്ക് കുടിവെള്ള ലഭ്യത ഉറപ്പാക്കണമെന്ന് Project Division Executive Engineer ക് നിർദ്ദേശിച്ചുകൊണ്ട് കമ്മീഷൻ ഈ പരാതിയിലെ നടപടി അവസാനിപ്പിക്കുന്നു. ഹർജിക്കാരനും. Project Division Executive Engineer, Kerala Water Authority, Thiruvananthapuram. നും. ഈ ഉത്തരവിൻെറ പകർപ്പ് അയക്കുക.

( ഒപ്പ് )
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ് )

രജിസ്ട്രാർ.